കേരള സർക്കാർ

## കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## പെരിന്തൽമണ്ണ നഗരസഭ
## ഓഡിറ്റ് റിപ്പോർട്ട്

**2018-19**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

**Email-dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 21/8/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 17-03-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന )

പെരിന്തൽമണ്ണ നഗരസഭ

സർ,

വിഷയം : പെരിന്തൽമണ്ണ നഗരസഭ – 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പെരിന്തൽമണ്ണ നഗരസഭയുടെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

L.6/20

നം.എൽ.എഫ്.കെ.എസ്.എ.എം.പി.എം 21/8/2020 തീയതി 17-03-2020

## <u>മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12-11-2018 മുതൽ 05-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷാജഹാൻ.എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06-12-2019 മുതൽ 18-12-2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീ.അബ്ദുൽ സത്താർ. സി.പി. | ഓഡിറ്റ്ഓഫീസർ |
| | 2 | ശ്രീ.അബ്ദുൽ ഗഫൂർ. സി. | അസി.ഓഡിറ്റ് ഓഫീസർ |
| | 3 | ശ്രീ. സന്തോഷ്.പി.ടി | അസി.ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | ഓഫീസർ |
| | 4 | ശ്രീ.വേലായുധൻ.കെ.ജി. | അസി.ഓഡിറ്റ്ഓഫീസർ |
| | 5 | ശ്രീ. ഷാജഹാൻഖുറൈശി. | അസി.ഓഡിറ്റ് ഓഫീസർ |
| | 6 | ശ്രീമതി. ലത .ഒ.വി. | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 7 | ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | 1 | ശ്രീ.എം.മുഹമ്മദ് സലീം | 1.4.2018 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | 1 | ശ്രീ.പ്രമോദ് .കെ, | 1.4.2018മുതൽ 25.5.2018വരെ |
| | 2 | ശ്രീ.എൻ. പ്രസന്ന കുമാർ (ME) സെക്രട്ടറിയുടെ ചുമതല | 26.5.2018 മുതൽ 01.07.2018 വരെ |
| | 3 | ശ്രീ. അബ്ദുൽ സജീം.എസ്. | 2-7-18 മുതൽ 31-03-2019 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| മുനിസിപ്പൽഎൻജിനിയർ | | ശ്രീ.പ്രസന്നകുമാർ.എൻ | 1.4.2018 മുതൽ 31.3.2019വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.മാരിയത്ത്കിബ്ത്തിയ്യ.കെ | 1.4.2018മുതൽ 31.3.2019വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | | ഡോ.മനോജ് .സി.ജെ. | 1.4.2018 മുതൽ 31.3.2019 വരെ |
| വ്യവസായ വികസന ഓഫീസർ | | ശ്രീ. വരുൺ | 1.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ആയിഷ. പി. | 1.4.2018 മുതൽ 31.3.19 വരെ |
| പ്രിൻസിപ്പാൾ | | ശ്രീമതി.ഫൗസിയ.കെ.വി | 1.4.2018മുതൽ 31.3.2019വരെ |
| SCDO | 1 | ശ്രീമതി. മെഴ്സി.എം.ബി | 1.4.2018മുതൽ 17.5.2018വരെ |
| | 2 | ശ്രീ. ഷാജി. കെ.പി | 17.5.2018മുതൽ 20.6.2018വരെ |
| | | ശ്രീ. ശൈലേഷ്.ഐ.പി | 20.6.2018മുതൽ 24.10.2018വരെ |
| | | ശ്രീ. മുഹമ്മദ് ഇക്ബാൽ.കെ | 24.10.2018മുതൽ 13.11.2018വരെ |
| | | ശ്രീ. മുനീർ റഹ്മാൻ | 13.11.2018മുതൽ 10.12.2018വരെ |
| | | ശ്രീ. ബിജി. പി | 10.12.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | | ഡോ. സെയ്ത് മുഹമ്മദ് സലിം. പി.കെ. | 1.4.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | | ഡോ.ഷമീമ. കെ.പി. | 1.4.2018മുതൽ 31.3.2019വരെ |
| പ്രോജക്ട്ഓഫീസർ | | ശ്രീ.രാജീവൻ.ടി | 1.4.2018മുതൽ 31.3.2019വരെ |

## ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിൽ കാലതാമസം | 1-12 |
| 13 | രസീതി ബുക്കുകൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-13 |
| 14 | ബിൽഡിംഗ് പെർമിറ്റ്- തറവിസ്തീർണ്ണാനുപാതം; അധിക ഫീസ് ഈടാക്കിയതിൽ കുറവ്- നഗരസഭ ഫണ്ടിന് ഉണ്ടായ 2,15,250/- രൂപയുടെ നഷ്ടം ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന ഈടാക്കി | 1-14 |
| 15 | ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു | 1-15 |
| 16 | ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി. | 1-16 |
| 17 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും 10,87,790/- രൂപ നഷ്ടപ്പെട്ടു. | 1-17 |
| 18 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- കുറഞ്ഞ നിരക്കിൽ പിഴപ്പലിശ ഈടാക്കി; നഗരസഭ ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. | 1-18 |
| 19 | ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-19 |
| 20 | ലൈസൻസ്/രജിസ്ട്രേഷൻ രജിസ്റ്ററുകളും അപേക്ഷകളും ശരിയായി സൂക്ഷിയ്ക്കുന്നില്ല | 1-20 |
| 21 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 1-21 |
| 22 | മെരിറ്റോറിയസ് സ്കോളർഷിപ്പ് തുക അധികം നൽകി | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി- രേഖകൾ മുഴുവൻ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു | 1-23 |
| 24 | പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി അപാകതകൾ | 1-24 |
| 25 | വിജയപഥം പദ്ധതി ഒരവലോകനം | 1-25 |

| | | |
|---|---|---|
| 26 | ഇഷ്യൂ ചെയ്ത ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവ് | 1-26 |
| 27 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ -കൺവീനർമാർക്ക് അധിക തുക നൽകി | 1-27 |
| 28 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-28 |
| 29 | മരാമത്ത് പ്രവൃത്തികൾ ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 30 | കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട്-രൂപീകരിച്ചില്ല | 1-30 |
| 31 | സെക്രട്ടറിയുടെ ശമ്പളം ട്രഷറിയിലേക്ക് തിരിച്ചടവാക്കിയില്ല | 1-31 |
| 32 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല | 1-32 |
| 33 | ജീവനം-മാലിന്യ സംസ്കരണ പദ്ധതി-അപാകതകൾ | 1-33 |
| 34 | സെക്യൂരിറ്റി ഗാർഡുകളുടെ സേവനം-ആദായനികുതി ഈടാക്കിയില്ല. | 1-34 |
| 35 | വർത്തമാന പത്രങ്ങളിലെ പരസ്യം-ഡിസ്ക്കൗണ്ട് ലഭിക്കാൻ നടപടി സ്വീകരിച്ചില്ല. | 1-35 |
| 36 | ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല. | 1-36 |
| 37 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം | 1-37 |
| 38 | താൽക്കാലിക ജീവനക്കാരുടെ നിയമനം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-38 |
| | ഭാഗം – 3 | |
| 39 | ഇഷ്യൂ ചെയ്ത ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവ് | 3-1 |
| 40 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ -കൺവീനർമാർക്ക് അധിക തുക നൽകിയത്. | 3-2 |
| 41 | മെറിറ്റോറിയസ് സ്കോളർഷിപ്പ് – തുക അധികം നൽകി | 3-3 |
| | **ഭാഗം-4** | |
| 42 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 46 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപം | 4-6 |
| | | |

| | | |
|---|---|---|
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 50 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 53 | ഓഡിററ് സാക്ഷ്യപത്രം | അനുബന്ധം-1 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| |
|---|
| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
| തീരുമാനം 1 തിയ്യതി – 20.3.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 19.06.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,92,80,259 |
| വരവ് | 45,54,60,190 |
| ആകെ | 51,47,40,449 |
| ചെലവ് | 37,70,60,605 |
| നീക്കിയിരിപ്പ് | 13,76,79,844 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| | ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 0 | 4,65,48,965 | 4,65,48,965 | 4,56,30,208 | 9,18,757 |
| 2 | വികസനഫണ്ട് എസ്.സി.പി. | 0 | 2,19,50,000 | 2,19,50,000 | 2,19,47,475 | 2,525 |
| 3 | വികസനഫണ്ട് ടി.എസ്.പി. | 0 | 4,11,000 | 4,11,000 | 0 | 4,11,000 |
| 4 | സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,15,03,000 | 1,15,03,000 | 1,15,03,000 | 0 |
| 5 | സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 98,48,000 | 98,48,000 | 98,48,000 | 0 |
| 6 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6,40,24,379 | 6,40,24,379 | 4,78,36,000 | 1,61,88,379 |
| 7 | എസ്.ബി.ഐ തനതു ഫണ്ട് | 4,43,246 | 20,19,047 | 24,62,293 | 4,56,258 | 20,06,035 |
| 8 | പി.എൻ.ബി. തനതു ഫണ്ട് | 7,03,858 | 5,64,321 | 12,68,179 | 5,39,398 | 7,28,781 |
| 9 | SBI – KURDFC | 38,83,013 | 1,37,600 | 40,20,613 | 0 | 40,20,613 |

| | | | | | | |
|---|---|---|---|---|---|---|
| 10 | SBI (Online tax) | 5,73,204 | 5,95,948 | 11,69,152 | 820 | 11,68,332 |
| 11 | SBI (E-payment) | 15,159 | 47,40,848 | 47,56,007 | 47,41,589 | 14,418 |
| 12 | Canara bank തനത് | 1,79,82,940 | 1,82,33,410 | 3,62,16,350 | 2,46,37,906 | 1,15,78,444 |
| 13 | SBI പെൻഷൻ | 33,261 | 1,52,346 | 1,85,607 | 1,74,142 | 11,465 |
| 14 | MDC തനത് | 1,40,210 | 5634 | 1,45,844 | 0 | 1,45,844 |
| 15 | Axis (Swaping) | 34,643 | 0 | 34,643 | 0 | 34,643 |
| 16 | Axis (hudco) | 17,77,553 | 0 | 17,77,553 | 17,62,391 | 15,162 |
| 17 | PUB (തനത്) | 31,67,305 | 1 | 31,67,306 | 0 | 31,67,306 |
| 18 | TSB | 60,36,608 | 1,04,33,864 | 1,64,70,472 | 7,58,624 | 1,57,11,848 |
| 19 | മുനിസിപ്പൽ ഫണ്ട് | 385 | 14,77,057 | 14,77,442 | 0 | 14,77,442 |
| 20 | SBI (പെൻഷൻ) | 60,76,227 | 8,94,044 | 69,70,271 | 0 | 69,70,271 |
| 21 | SBI (പെൻഷൻ 2) | 2,91,050 | 0 | 2,91,050 | 2,43,843 | 47,207 |
| 22 | SBI – ESCRO | 80,392 | 0 | 80,392 | 1,298 | 79,094 |
| 23 | Syndicate Bank | 20,60,011 | 73,053 | 21,33,064 | 0 | 21,33,064 |
| 24 | റിലീഫ് ഫണ്ട് | 1,406 | 52 | 1,458 | 0 | 1,458 |
| 25 | SB (സെൻസസ്) | 51,232 | 1,886 | 53,118 | 0 | 53,118 |
| 26 | PNB (ജോയിന്റ് അക്കൗണ്ട്) | 63,15,078 | 0 | 63,15,078 | 43,86,422 | 19,28,656 |
| 27 | അയ്യങ്കാളി ഫണ്ട് | 55,84,992 | 1,01,64,806 | 1,57,49,748 | 1,05,26,433 | 52,23,365 |
| 28 | ഷാസു ഫണ്ട് | 42,031 | 0 | 42,031 | 0 | 42,031 |
| 29 | HDFC | 3,11,405 | 74,68,901 | 77,80306 | 52,361 | 78,32,667 |
| 30 | PSCB | 56 | 0 | 56 | 0 | 56 |
| 31 | UIDSSMT – 1 | 42,18,516 | 0 | 42,18,516 | 16,52,242 | 25,66,274 |
| 32 | UIDSSMT – 2 | 2,07,149 | 7,346 | 2,14,495 | 0 | 2,14,495 |
| 33 | IHSDP | 43,21,602 | 56,78,316 | 99,99,918 | 55,25,063 | 44,74,855 |
| 34 | SSA | 1,58,333 | 0 | 1,58,333 | 1,44,950 | 13,383 |
| 35 | LIS | 77,670 | 2,754 | 80,424 | 0 | 80,424 |
| 36 | Canara | 88446 | 0 | 88,446 | 0 | 88,446 |
| 37 | IDBI | 14,33,748 | 2,56,311 | 16,90,059 | 2,04,971 | 14,85,088 |
| 38 | ICICI | 23,27,580 | 0 | 23,27,580 | 21,26,305 | 2,01,275 |
| 39 | Axis | 2,71,391 | 1,05,67,432 | 1,08,38,823 | 0 | 1,08,38,823 |
| 40 | KGKGB | 2,134 | 0 | 2,134 | 87 | 2,221 |
| 41 | IHSDP II | 17,80,771 | 2,54,368 | 20,35,139 | 1,81,427 | 18,53,712 |
| 42 | ക്യാഷ് | 8,60,867 | 72,30,648 | 80,91,515 | 66,23,417 | 14,68,098 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 349 | 24,91,71,348 | 254 | 14,04,60,554 | 067 | 95 | 73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5584992 | 10164806 | 15749748 | 4,98,767 | 5223365ഫ |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 1,00,27,666 | 0 |
| ആകെ | 55,84,992 | 1,01,64,806 | 1,57,49,748 | **1,05,26,433** | 52,23,365 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 74,280 | 43 |
| കർഷക തൊഴിലാളി പെൻഷൻ | 68,93,200 | 532 |
| വിധവാ പെൻഷൻ | 2,38,76,000 | 1,961 |
| വാർദ്ധക്യകാല പെൻഷൻ | 2,92,74,800 | 2,353 |
| വികലാംഗ പെൻഷൻ | 59,68,400 | 480 |
| വിവാഹ ധനസഹായം | 3,00,000 | 10 |
| അവിവാഹിത സ്ത്രീ പെൻഷൻ | 19,80,800 | 166 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7555/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1. ചെക്ക് നൽകുന്ന ദിവസം തന്നെ പേയ്മെന്റ് വൗച്ചർ രേഖപ്പെടുത്തുന്നില്ല.
2.നഗരസഭാ ഓഫീസ്, എഞ്ചിനിയറിംഗ് വിഭാഗം എന്നിവിടങ്ങളിലെ വൗച്ചറുകൾ പേയ്മെന്റ് ആയ ക്രമത്തിൽ നമ്പരിട്ട്, ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം ഫയൽ ചെയ്തു നമ്പർ ക്രമത്തിൽ ബണ്ടിലുകളായി തുന്നിച്ചേർത്ത് സൂക്ഷിച്ചിട്ടില്ല.
3. തൊഴിൽ നികുതി, ഡി&ഒ, കെട്ടിട നിർമ്മാണം, വസ്തു നികുതി തുടങ്ങിയ എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ക്രമ നമ്പരിട്ട് രേഖപ്പെടുത്തി പ്രസ്തുത ക്രമത്തിൽ ഫയൽ ചെയ്തു തുന്നിച്ചേർത്ത് സൂക്ഷിച്ചിട്ടില്ല.
4. നഗരസഭയിലും അനുബന്ധ കാര്യാലയങ്ങളിലും, നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണത്തിന് ആവശ്യമായ എല്ലാ രജിസ്റ്ററുകളും ഗ്രാമലക്ഷ്മി മുദ്രാലയം, മറ്റു സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കേണ്ടതും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും ബൗണ്ടു ബുക്കുകളിൽ ആധികാരികമല്ലാത്ത ഫോർമാറ്റിൽ തയ്യാറാക്കുന്നതുമായ എല്ലാ രജിസ്റ്ററുകളുടെയും ഉപയോഗം അവസാനിപ്പിക്കേണ്ടതുമാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും നൽകി എന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതുമാണ്.
5. ഓരോ ശമ്പള പരിഷ്കരണത്തെത്തുടർന്നും ശമ്പള നിർണ്ണയം നടത്തിയാൽ ആയതിന്റെ ഓഡിറ്റിൽ നിന്നുള്ള അംഗീകാരം താമസംവിനാ ലഭ്യമാക്കുകയും, ജീവനക്കാർ സ്ഥലം മാറി വരുമ്പോൾ അവരുടെ ശമ്പള നിർണയാംഗീകാരം ലഭ്യമാക്കിയോ എന്ന് പരിശോധിക്കേണ്ടതുമാണ്.
6.ഹോമിയോ മെഡിക്കൽ ഓഫീസർ, ആയുർവേദ മെഡിക്കൽ ഓഫീസർ എന്നിവർ പ്രോജെക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2019 മുതൽ 30.10.19 വരെ | 2018-19, 2019-20 (30-09-2019 വരെ) | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ | 01.01.2019 മുതൽ 10.01.19 വരെ | 2016-17 മുതൽ 2017- | 07.03.2019 |

| ഓഡിറ്റ് | | 18 വരെ | |
|---|---|---|---|

## 1-11 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ. എം.പി.എം. 21/1599/2019 തിയ്യതി. 26-8-2019 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിൽ കാലതാമസം

നഗരസഭയുടെ ചെലവുകൾ നടത്തുന്നതിനുള്ള ചെക്കുകൾ നൽകുന്നതിന് മുമ്പ് സാംഖ്യയിൽ പ്രസ്തുത ചെലവ് അക്കൗണ്ടന്റ് ബുക്ക് ചെയ്യുകയും, ആയത് സെക്രട്ടറി സാംഖ്യയിൽ അംഗീകരിക്കുകയും ചെയ്ത് പെയ്മെന്റ് ഓഡർ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ചെലവുകൾ നടത്തി [ചെക്കുകൾ നൽകി] മാസങ്ങൾ കഴിഞ്ഞാണ് സാംഖ്യയിൽ ബുക്ക് ചെയ്യുകയും, ആയത് സെക്രട്ടറി അംഗീകരിക്കുകയും ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ചെലവു തുക (രൂപ) | ചെലവ് നടന്ന തിയ്യതി/ വൗച്ചർ നമ്പർ | ചെലവ് സാംഖ്യയിൽ ബുക്ക് ചെയ്ത തിയ്യതി/ വൗച്ചർ നമ്പർ |
|---|---|---|---|
| 1 | 177744 | 04.06.2018/Vr.22/06-2018 | 03.10.2018/Vr.21800407 |
| 2 | 33780 | 07.06.2018/Vr.34/06-2018 | 03.10.2018/Vr.21800419 |
| 3 | 11010 | 07.06.2018/Vr.36/06-2018 | 03.10.2018/Vr.21800421 |
| 4 | 85875 | 01.02.2019/Vr.01/02-2019 | 18.02.2019/Vr.21801448 |
| 5 | 286533 | 01.02.2019/Vr.03/02-2019 | 18.02.2019/Vr.21801449 |
| 6 | 26060 | 26/11/2019/Vr.66/11-2019 | 16.12.2019/Vr.21901278 |

ഇപ്രകാരം തെറ്റായി രേഖപ്പെടുത്തുന്നത് മൂലം ബാങ്ക് ബുക്കിൽ ചെലവുകൾ ബുക്ക് ചെയ്യപ്പെടുന്നില്ല. കൂടാതെ ബാങ്കിലെ നീക്കിയിരുപ്പുമായി റീകൺസിലേഷൻ ചെയ്യുന്നതിനും കഴിയുന്നില്ല. ആയതിനാൽ 11.10.2018 മുതൽ 05.12.2019 വരെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പിൻവലിച്ച തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ക്രമപ്രകാരം അക്കൗണ്ട് ചെയ്യാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവുകൾ ക്രമ പ്രകാരം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. മേൽ പരാമർശത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.
*[ഓഡിറ്റ് എൻക്വയറി (26)-ക്ക് ലഭ്യമാക്കിയ മറുപടിയിൽ തിരക്കു മൂലമാണ് ചെലവുകൾ സമയബുക്ക് ചെയ്യുന്നതിൽ വീഴ്ച വന്നതെന്നും, അപാകത പരിഹരിക്കുമെന്നും അറിയിച്ചു].*

## 1-13 രസീതി ബുക്കുകൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

നഗരസഭക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമുൾപ്പടെയുള്ള പണം പിരിവ് നടത്തുന്നതിന് ജീവനക്കാർക്ക്/ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച രസീതി ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകൾ, നഗരസഭ സാംഖ്യ മുഖേന കളക്ഷൻ നടത്തിയതിൽ ക്യാൻസൽ ചെയ്ത രസീതികൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് കൊണ്ട് പ്രസ്തുത കാലയളവിലെ പണം പിരിവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന്ന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | രസീതി ബുക്ക് കൈപ്പറ്റിയഉദ്യോഗസ്ഥൻ | രസീതി ബുക്ക് നമ്പർ | കുറിപ്പ് |
|---|---|---|---|
| 1 | ഡോ. മനോജ്, വെറ്ററനറി സർജൻ | 70,71,72 | രസീതി ബുക്കുകൾ, കളക്ഷൻ രജിസ്റ്ററുകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | സ്മിത, ക്ലാർക്ക് | 14,18,22,24,26,29,32,34,38,41 | |
| 3 | ശ്രീജിഷ, ക്ലാർക്ക് | 19,23,25,31,35,39,40,44,54 | |
| 4 | സുനിൽ റവന്യൂ ഇൻസ്പെക്ടർ | 64,65,67,69,73,74,75,76 | |

പണം പിരിവ് നടത്തിയതിന്റെ രേഖകൾ 06.12.2019-ലെ റിക്വസിഷൻ പ്രകാരം 3 ദിവസിത്തിനകം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നതാണ്. ആയത് ഓഡിറ്റിന് ഹാജരാക്കാത്തത് ക്രമപ്രകാരമല്ല. മേൽ രേഖകൾ ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-14 ബിൽഡിംഗ് പെർമിറ്റ്- തറവിസ്തീർണ്ണാനുപാതം; അധിക ഫീസ് ഈടാക്കിയതിൽ കുറവ്- നഗരസഭ ഫണ്ടിന് ഉണ്ടായ 2,15,250/- രൂപയുടെ നഷ്ടം ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഈടാക്കി

പെരിന്തൽമണ്ണ വില്ലേജിൽ, സർവ്വേ നമ്പർ 95/6,28 -ൽ ഉൾപ്പെട്ട 1304.34 ച.മീറ്റർ സ്ഥലത്ത് ചെയർമാൻ, ഇസ്ലാമിക് മിഷൻ ട്രസ്റ്റ്, ശാന്തപുരം എന്നവർക്ക് 3977.35 ച.മീറ്റർ വിസ്തീർണത്തിൽ കോമേഴ്സൽ-കം-സ്പെഷൽ റെസിഡൻഷ്യൽ കെട്ടിടം [B+G+5= Seven Floor] നിർമ്മിക്കുന്നതിനു BA/528/2007-08 dated 15.07.2009 നമ്പർ പെർമിറ്റ് പ്രകാരം നഗരസഭ സെക്രട്ടറി

അനുമതി നൽകുകയും, കക്ഷികളുടെ അപേക്ഷ പ്രകാരം രണ്ട് തവണകളായി പെർമിറ്റ് കാലാവധി 13.07.2018 വരെ നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ BA/528/2007-08 dated 02.05.2018 നമ്പർ ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

നിർമ്മാണത്തിന് അനുമതി നൽകിയ 3977.35 ച.മീറ്ററിൽ അധികരിച്ച് 4051.12 ച.മീറ്റർ വിസ്തീർണത്തിൽ നിർമ്മാണം പൂർത്തീകരിക്കുകയും, അധികരിച്ച 73.77 (say 74) ച.മീറ്ററിന് കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയും, തറവിസ്തീർണ്ണാനുപാദത്തിൽ അധികരിച്ച നിർമ്മാണത്തിന് അധിക ഫീസ് ഈടാക്കിയും നിർമ്മാണം ക്രമവൽക്കരിച്ചാണ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ തറവിസ്തീർണ്ണാനുപാതത്തിൽ അധികരിച്ച നിർമ്മാണത്തിന് അധിക ഫീസ് കണക്കാക്കിയതിൽ പിഴവ് സംഭവിക്കുകയും ആയത് മൂലം നഗരസഭാ ഫണ്ടിനുണ്ടായ 2,15,250/- രൂപയുടെ നഷ്ടം ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 1/7-12-19) 20-01-2020 ലെ 119010118480 നമ്പർ രസീതി പ്രകാരം ഈടാക്കി. പെർമിറ്റ് ഫീ ഉൾപ്പെടെയുള്ള തനതു വരുമാനങ്ങൾ ഡിമാന്റ് ചെയ്യുമ്പോൾ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു

പാതാക്കര വില്ലേജിൽ സർവ്വേ നമ്പർ 45/7, 45/9 -ൽ ഉൾപ്പെട്ടതും, നഗരസഭയുടെ ഉടമസ്ഥതയിലുള്ളതുമായ 34.75 സെന്റ് സ്ഥലം വർക്കിംഗ് വിമൺസ് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനും, നടത്തുന്നതിനും Kerala State Women's Development Corporation Limited -ന് 30 വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട് [എഗ്രിമെന്റ് നമ്പർ R2/12504/2017 തിയ്യതി 27.06.2018]. പ്രസ്തുത ലീസ് എഗ്രിമെന്റിലെ നിബന്ധന 3 പ്രകാരം നിർദ്ദിഷ്ട വർക്കിംഗ് വിമൺസ് ഹോസ്റ്റലിൽ നഗരസഭയിലെ 5 ജീവനക്കാർക്ക് (പരമാവധി) മാസവാടകയിൽ 10% അധികരിക്കാത്ത ഇളവിന് അർഹതയുണ്ടാകുമെന്നതൊഴികെ ഉടമസ്ഥാവകാശം പൂർണ്ണമായും Kerala State Women's Development Corporation Limited -ന് ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എഗ്രിമെന്റിലെ നിബന്ധന 4 പ്രകാരം നഗരസഭയിൽ അടവാക്കേണ്ട എല്ലാ നികുതി/ ഫീസ്/ ചാർജുകളും പാട്ടക്കാരൻ അടവാക്കേണ്ടതുമാണ്.

BA/161/2018-19 തിയ്യതി 06.06.2018 നമ്പർ പെർമിറ്റ് പ്രകാരം പാട്ടക്കാരന് 2035 ച.മി വിസ്തീർണത്തിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ [A2] നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒരു സർക്കാർ സ്ഥാപനമായി കണക്കാക്കി പെർമിറ്റ് ഫീസ് അടവാക്കുന്നതിൽ ഒഴിവ് നൽകിയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ലീസ് എഗ്രിമെന്റിൽ Kerala State Women's Development Corporation Limited എന്നത് 1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ നിർമ്മാണങ്ങൾക്ക് മാത്രമാണ് പെർമിറ്റ് ഫീസ് അടവാക്കുന്നതിൽ ഒഴിവ് നൽകിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും പെർമ്മിറ്റ് ഫീസ് ഈടാക്കാത്തത് ക്രമവിരുദ്ധമാണെന്നും, ആയത് മൂലം 20350/- രൂപയുടെ [2035*10] നഷ്ടം നഗരസഭക്ക് ഉണ്ടായിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു. പെർമിറ്റ് ഫീസ് അടവാക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനും, ആയത് ഓഡിറ്റിനെ അറിയിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

*[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി 13/16.12.2019 -ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു]*

## 1-16 ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി.

പെരിന്തൽമണ്ണ വില്ലേജിൽ സർവ്വേ നമ്പർ 54/5 -ൽ ഉൾപ്പെട്ടതും, നിലവിൽ 1521 ച.മീ വിസ്തീർണ്ണമുള്ള [A1-397.23 + F-1124] കെട്ടിടം നിലനിൽക്കുന്നതുമായ പ്ലോട്ടിൽ 2831.97 ച.മി വിസ്തീർണ്ണത്തിൽ പുതുതായി വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് BA/243/2017-18 തിയ്യതി 20.03.2018 നമ്പർ പെർമിറ്റ് പ്രകാരം Dr. മുംതാസ്, Dr.ബബിത, M/s മുംതാസ് ക്ലിനിക്ക് & മെറ്റേണിറ്റി ഹോം എന്നവർക്ക് അനുമതി നൽകിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 3(1)(d) പ്രകാരം തെരുവ് വിട്ടുള്ള പാർക്കിംഗ് കണക്കാക്കുന്നതിന് കെട്ടിടത്തിന്റെ നിലവിലുള്ളതും (Existing) നിർദ്ദിഷ്ടമായതുമായ (Proposed) നിർമ്മാണങ്ങൾ കണക്കിലെടുക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ചട്ടം പാലിക്കാതെയാണ് മേൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വിവരണം | | | പ്ലിന്ത് ഏരിയ | കാർപ്പെറ്റ് ഏരിയ |
|---|---|---|---|---|---|
| 1 | വിസ്തീർണം | നിലവിലുള്ളത് (Existing) | A1 | 397.23 ച.മി | -- |
| | | | F | 1124 ച.മി | 765.5 ച.മി |
| | | പുതിയത് (Proposed) | F | 2831.97 ച.മി | 1628.97 ച.മി |
| | | ആകെ | | 4353.2 ച.മി | 2394.47 ച.മി |
| 2 | കാർ പാർക്കിംഗ് (നൽകേണ്ടത്) | | | 42 Nos [13.33+27.89 = 41.22] | |
| 3 | കാർ പാർക്കിംഗ് (നൽകിയത്) | | | 35 Nos [26 for proposed + 9 for existing] | |
| 4 | കുറവ് | | | 7 Nos | |

ഇരു ചക്ര വാഹനങ്ങളുടെ പാർക്കിംഗ്, ലോഡിംഗ് & അൺലോഡിംഗ് എന്നിവയും ക്രമ പ്രകാരം നൽകിയിട്ടില്ല. കൂടാതെ നിലവിലുള്ള (Existing) കെട്ടിടത്തിന് നൽകിയിട്ടുള്ള പാർക്കിംഗിൽ, പാർക്കിംഗ് നമ്പർ 5,6,7,8,9 -ലേക്ക്

ആവശ്യമായ ഡ്രൈവിംഗ് ഏരിയയുള്ളതായി കാണുന്നില്ല. സ്കെച്ച്/പ്ലാനിൽ കവറേജ്, തറവിസ്തീർണാനുപാതം എന്നിവ രേഖപ്പെടുത്തിയതും ചട്ടം 3(1)(d) പ്രകാരമല്ല. മേൽ അപാകതകൾ റിപ്പോർട്ട് ചെയ്യാതെ, ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഇല്ലാത്ത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് റിപ്പോർട്ട് നൽകിയത് സാങ്കേതിക പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് പരാമർശത്തിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

*[മേൽ പരാമർശത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറി 13/16.12.2019-ക്ക് ലഭ്യമാക്കിയ മറുപടിയിൽ TP/BA/243/2017-18 പ്രകാരം കക്ഷികൾക്ക് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നതായി സെക്രട്ടറി അറിയിച്ചു]*

## 1-17 അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും 10,87,790/- രൂപ നഷ്ടപ്പെട്ടു- തുക ഈടാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI പെരിന്തൽമണ്ണ ബ്രാഞ്ചിലുള്ള കറന്റ് അക്കൗണ്ടിൽ [അക്കൗണ്ട് നമ്പർ 67312375561] 21.08.2019 -ന് 3,94,946/- രൂപയുടെ നീക്കിയിരുപ്പുണ്ട്. നിലവിൽ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തുന്നത് മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിലാണ് ലഭിക്കുന്നത്. അക്കൗണ്ടിന്റെ 24.04.2015 മുതൽ 21.08.2019 വരെയുള്ള സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് കൊണ്ട് നഗരസഭ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 13.03.2017 മുതൽ 21.08.2019 വരെയുള്ള വിവരങ്ങളാണ് ബാങ്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാങ്കിൽ നിന്നും ലഭ്യമായ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 11.05.2017- ൽ "TRF TO 0030873587614/ INB KERALA- CYBER TREASU" എന്ന വിവരണത്തോടുകൂടി 10,87,790/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക പിൻവലിച്ചത് എൻജിനീയറിംഗ് വിഭാഗത്തിലെ രേഖകളിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ മേൽ തുക "TRF TO 0030873587614/ INB KERALA- CYBER TREASU" എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് നഗരസഭയുടെ അനുമതി കൂടാതെ ആണെന്നും, ആയത് നഗരസഭ അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ എൻജിനീയർ, ബാങ്ക് മാനേജർക്ക് നൽകിയ കത്തിന് [PW1/16535/2019- 09.10.2019] മറുപടി ലഭിച്ചിട്ടില്ല.

അക്കൗണ്ടിൽ നിന്നും നഷ്ടപ്പെട്ട 10,87,790/- രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, അക്കൗണ്ടിൽ 21.08.2019 -ന് നീക്കിയിരിപ്പുള്ള 3,94,946/- രൂപയുൾപ്പടെ മുഴുവൻ തുകയും നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. മേൽ പരാമർശം സംബന്ധിച്ച് പുരോഗതി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- കുറഞ്ഞ നിരക്കിൽ പിഴപ്പലിശ ഈടാക്കി; നഗരസഭ ഫണ്ടിന് നഷ്ടം സംഭവിക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ റൂമുകൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ/ നിബന്ധനകൾ -ലെ വ്യവസ്ഥ പ്രകാരം മുറികളുടെ പ്രതിമാസ ലൈസൻസ് ഫീസ് (വാടക) മുൻകൂറായി അതാത് മാസം 5-ാം തിയ്യതിക്ക് മുൻപായി നഗരസഭ കാര്യാലയത്തിൽ ഒടുക്കേണ്ടതും, വീഴ്ച വരുത്തുന്ന പക്ഷം പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശ സഹിതം അടവാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് (വാടക) അടവാക്കുന്നതിൽ വീഴ്ച വരുത്തിയ ലൈസൻസികളിൽ നിന്നും 1% നിരക്കിലാണ് പിഴപ്പലിശ ഈടാക്കിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്ര.ന | ഷോപ്പിംഗ് കോംപ്ലക്സ് | ബൈലോ/ നിബന്ധനകൾ | പിഴപ്പലിശ സംബന്ധിച്ച നിബന്ധന | DCB 2018-19 | | |
|---|---|---|---|---|---|---|
| | | | | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
| 1 | ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സ് | കൗൺസിൽ തീരുമാനം 02/01.03.2011 | 19 | 5698774 | 5552324 | 146450 |
| 2 | സ: R N മനഴി സ്മാരക ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | കൗൺസിൽ തീരുമാനം 14/25.05.2005 | 19 | 1109417 | 1105944 | 3473 |
| 3 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | കൗൺസിൽ തീരുമാനം 03/17.11.1997 | 16 | 4683752 | 4644926 | 38826 |
| 4 | മാനത്ത്മംഗലം ബൈപാസ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | കൗൺസിൽ തീരുമാനം 31/23.05.2006 | 19 | 245343 | 245343 | 0 |

ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സിലെ ലൈസൻസികളിൽ നിന്നും പിഴപ്പലിശ തെറ്റായി ഈടാക്കിയത് മൂലം നഗരസഭ ഫണ്ടിന് ഉണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്ര ന | വാടകക്കാരന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക ഇനത്തിൽ | കുടിശ്ശിക ഇനത്തിൽ | കുറവ് |
|---|---|---|---|---|---|---|

| | | | | അടവാക്കേണ്ട തുക (2%) | അടവാക്കിയ തുക (1%) | |
|---|---|---|---|---|---|---|
| 1 | രാജൻ പി | G- 01 | 6064 | 4248 | 2124 | 2124 |
| 2 | അബ്ദുൽ സലാം എം | G- 02 | 6064 | 5946 | 2973 | 2973 |
| 3 | ഹംസ കെ | G- 03 | 6046 | 3032 | 1516 | 1516 |
| 4 | ബഷീർ എം.സി | G- 05 | 6368 | 256 | 128 | 128 |
| 5 | രവികുമാർ ടി | G- 06 | 6064 | 3400 | 1700 | 1700 |
| 6 | ഉണ്ണീൻ കുട്ടി ഹാജി | G- 08 | 6064 | 2794 | 1397 | 1397 |
| 7 | ഖദീജ മുതൽ | G- 09 | 6060 | 1952 | 976 | 976 |
| 8 | ഷറഫുദ്ധീൻ പി | G- 10 | 6064 | 4610 | 2305 | 2305 |
| 9 | ഉല്ലാസ് വി ഏലിയാസ് | G- 15 | 6064 | 1698 | 849 | 849 |
| 10 | നവീൻ വർഗീസ് | G- 16 | 6064 | 972 | 486 | 486 |
| 11 | അബ്ദുൽ ഖാദർ കെ എം | G- 17 | 4686 | 3938 | 1969 | 1969 |
| 12 | മുഹമ്മദ് ഹനീഫ ടി കെ | G- 18 | 4686 | 2630 | 1315 | 1315 |
| 13 | മുഹമ്മദ് റഫീഖ് വി | G- 19 | 4686 | 3100 | 1550 | 1550 |
| 14 | ജമീല വി | G- 20 | 4686 | 3100 | 1550 | 1550 |
| 15 | അലവി കെ ടി | G- 22 | 4686 | 2364 | 1182 | 1182 |
| 16 | റസിയ മുതൽ | G- 23 | 4686 | 564 | 282 | 282 |
| 17 | സെയ്താലി കെ പി | G- 24 | 4686 | 4034 | 2017 | 2017 |
| 18 | മുഹമ്മദ് മുസ്തഫ കെ പി | G- 25 | 4686 | 1958 | 979 | 979 |
| 19 | ബാബു രാജൻ കെ | G- 26 | 4686 | 1128 | 564 | 564 |
| 20 | രവി കെ | G- 27 | 4686 | 3380 | 1690 | 1690 |
| 21 | നളിനി | G- 28 | 4909 | 2950 | 1475 | 1475 |
| 22 | സെയ്താലി സി | G- 29 | 4686 | 2440 | 1220 | 1220 |
| 23 | ഉണ്ണീൻ കുട്ടി കെ | G- 30 | 4686 | 846 | 423 | 423 |
| 24 | സത്താർ ഹാജി സി എ | G- 33 | 5775 | 3360 | 1680 | 1680 |
| 25 | പ്രകാശ് | F- 01 | 4962 | 4786 | 2393 | 2393 |
| 26 | ദീപ്ന | F- 02 | 4962 | 2684 | 1342 | 1342 |
| 27 | കദീജ | F- 03 | 4410 | 2298 | 1149 | 1149 |
| 28 | മുഹമ്മദാലി കെ കെ | F- 04 | 4962 | 4168 | 2084 | 2084 |
| 29 | മുഹമ്മദ് കുട്ടി | F- 08 | 4725 | 666 | 333 | 333 |
| 30 | സെയ്തലവി പി | F- 09 | 4962 | 1426 | 713 | 713 |
| 31 | സെയ്തലവി പി | F- 10 | 4962 | 2038 | 1019 | 1019 |
| 32 | മുഹമ്മദ് ശമീം | F- 12 | 4725 | 574 | 287 | 287 |
| 33 | പ്രൊജക്റ്റ് ഓഫീസർ | F- 13 | 4725 | 1506 | 753 | 753 |
| 34 | മുഹമ്മദാലി കെ കെ | F- 16 | 4962 | 1000 | 500 | 500 |
| 35 | അമീർ ഷരീഫ് | F- 17 | 3308 | 546 | 273 | 273 |
| 36 | മൂസ | F- 18 | 3308 | 612 | 306 | 306 |
| 37 | മൊയ്തീൻ കുട്ടി എൻ | F- 19 | 3308 | 3244 | 1622 | 1622 |
| 38 | മുഹമ്മദ് ശമീം | F- 20 | 4725 | 478 | 239 | 239 |
| 39 | പ്രൊജക്റ്റ് ഓഫീസർ | F- 21 | 3474 | 1524 | 762 | 762 |
| 40 | ഉണ്ണി അയ്യപ്പൻ | F- 22 | 2481 | 1718 | 859 | 859 |
| 41 | അബ്ദു സലാം കെ | F- 25 | 4962 | 3078 | 1539 | 1539 |
| 42 | അബ്ദുൽ നാസർ | F- 26 | 4962 | 1918 | 959 | 959 |
| 43 | അബ്ദുൽ ഖാദർ കെ പി | F- 28 | 4575 | 3574 | 1787 | 1787 |

| | | | | | | |
|---|---|---|---|---|---|---|
| 44 | അബ്ദുൽ ഖാദർ കെ പി | F- 28A | 3308 | 1732 | 866 | 866 |
| 45 | വിനയൻ പി | F- 30 | 4575 | 2746 | 1373 | 1373 |
| 46 | മുഹമ്മദ് കോയ | F- 32 | 4575 | 2200 | 1100 | 1100 |
| 47 | തോമസ് പി ഡി | F- 33 | 3833 | 2838 | 1419 | 1419 |
| 48 | അബൂബക്കർ | S- 6 | 2453 | 1622 | 811 | 811 |
| 49 | മുഹമ്മദ് എം പി | S- 7 | 2453 | 1326 | 663 | 663 |
| 50 | ജമീല പി | S- 9 | 2453 | 448 | 224 | 224 |
| 51 | കുഞ്ഞി മുഹമ്മദ് കെ | S- 11 | 2453 | 2652 | 1326 | 1326 |
| 52 | മൊയ്തുട്ടി പി | S- 12 | 2453 | 498 | 249 | 249 |
| 53 | മുഹമ്മദ് കുട്ടി | S- 13 | 4000 | 4200 | 2100 | 2100 |
| 54 | ജുനൈദ് പി | S- 14 | 4410 | 2028 | 1014 | 1014 |
| 55 | മുഹമ്മദാലി ടി | S- 15 | 2453 | 786 | 393 | 393 |
| 56 | മുഹമ്മദാലി ടി | S- 16 | 2453 | 786 | 393 | 393 |
| 57 | ചാക്കോ വർഗീസ് | S- 25 | 2453 | 590 | 295 | 295 |
| 58 | മഞ്ജുഷ കെ | S- 28A | 4200 | 2436 | 1218 | 1218 |
| 59 | രാമദാസ് | A-2 | 2205 | 886 | 443 | 443 |
| 60 | അബിനാശ് വി പി | A-3 | 1654 | 1062 | 531 | 531 |
| 61 | മുഹമ്മദാലി കെ | A-4 | 4410 | 2560 | 1280 | 1280 |
| 62 | മുഹമ്മദ് റിയാസ് പി | A-6 | 4410 | 3372 | 1686 | 1686 |
| 63 | വീരാൻ കുട്ടി മുതൽ | A-7 | 5210 | 2102 | 1051 | 1051 |
| 64 | ഗോവിന്ദൻ കുട്ടി മുതൽ | T-9 | 1654 | 696 | 348 | 348 |
| 65 | ഗോവിന്ദൻ കുട്ടി മുതൽ | T-10 | 1654 | 696 | 348 | 348 |
| 66 | സെക്രട്ടറി മെർക്കൻ്റയിൽ C S | T-11-13 | 5789 | 1854 | 927 | 927 |
| 67 | റൊണാൾഡ് ഡാനിയേൽ | T-15 | 1575 | 1230 | 615 | 615 |
| 68 | സ്വാന്തനം ചാരിട്ടബിൾ | F-28B | 2482 | 1146 | 573 | 573 |
| 69 | വീരൻ കുട്ടി (LED Board) | Board | 28469 | 15576 | 7788 | 7788 |
| ആകെ | | | | 160606 | 80303 | 80303 |

ഹൈടെക് ഷോപ്പിംഗ് കോംപ്ലക്സിലെ ലൈസൻസികളിൽ നിന്നും പിഴപ്പലിശ തെറ്റായി ഈടാക്കിയത് മൂലം നഗരസഭ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം 80303/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ മറ്റു ഷോപ്പിംഗ് കോംപ്ലക്സുകളായ 1. R N മനഴി സ്മാരക ബസ്റ്റാൻ്റ് ഷോപ്പിംഗ് കോംപ്ലസ്, 2. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്, 3. മാനത്ത്മംഗലം ബൈപാസ് ബസ്റ്റാൻ്റ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിൻമേൽ ഈയിനത്തിൽ നഗരസഭക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

*[മേൽ പരാമർശത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി(12) -ന് മറുപടി ലഭ്യമാക്കിയിട്ടില്ല]*

## 1-19 ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല

പെരിന്തൽമണ്ണ നഗരസഭയിൽ 2018-19 വർഷത്തിൽ അങ്കണവാടികളിലേക്ക് ന്യൂട്രിമിക്സ് വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർഷം | 2018-19 |
| പ്രൊജക്ടും നമ്പർ | 31 – അങ്കണവാടി പോഷകാഹാരം<br>അടങ്കൽ – 25,00,000 – വികസന ഫണ്ട്<br>15,00,000 – കേന്ദ്രാവിഷ്കൃത ഫണ്ട്<br>ചെലവ് – 24,98,738 – വികസന ഫണ്ട്<br>6,69,859 – കേന്ദ്രാവിഷ്കൃത ഫണ്ട് |

| | |
|---|---|
| | 32 – അങ്കണവാടി പോഷകാഹാരം എസ്.സി.പി അടങ്കൽ – 10,00,000 – വികസന ഫണ്ട് എസ്.സി.പി ചെലവ് – 9,79,807 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

മേൽ പ്രൊജക്ടിന്റെ നടത്തിപ്പിനായി സ്വപ്നം ന്യൂട്രിമിക്സ് യൂനിറ്റ് പുഴക്കാട്ടിരിയിൽ നിന്ന് 18,919.5 കി.ഗ്രാം അമൃതം ന്യൂട്രിമിക്സ് ഫുഡ് സപ്ലിമെന്റ് വാങ്ങിയതിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 13,21,935 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | കി.ഗ്രാം | തുക |
|---|---|---|---|
| 1 | 9/18-19 തീയതി 14-06-18 | 1827 | 128804 |
| | | 1581 | 111490 |
| 2 | 10/18-19 തീയതി 13-07-18 | 1287 | 90734 |
| 3 | 11/18-19 തീ. 31-08-18 | 917 | 64648 |
| 4 | 12/18-19 തീ. 31-8-18 | 1511 | 106526 |
| 5 | 17/18-19 തീ.16-10-18 | 1554.5 | 109592 |
| | | 1684.5 | 118757 |
| 6 | 22/18-19 തീ. 3-12-18 | 1684.5 | 118757 |
| 7 | 24/18-19 തീ. 21-12-18 | 1828 | 128847 |
| 8 | 27/18-19 തീ. 23-1-19 | 1753 | 129772 |
| 9 | 33/18-19 തീ. 25-2-19 | 1820 | 134680 |
| 10 | 1654954/27-3-19 | 1072 | 79328 |
| | ആകെ | 18519.5 | 1321935 |

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂനിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. ഫുഡ് ടെസ്റ്റ് ലാബിലെ പരിശോധനാ റിപ്പോർട്ട് മുഴുവൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 5/13-1219 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 1-20 ലൈസൻസ്/രജിസ്ട്രേഷൻ :രജിസ്റ്ററുകളും അപേക്ഷകളും ശരിയായി സൂക്ഷിയ്ക്കുന്നില്ല

ഡി&ഒ ലൈസൻസ് ഫീ, പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1).<u>ഡി&ഒ ലൈസൻസ് ഫീ</u>

24 വാർഡുകളിൽ നിന്നുമായി 3214 അപേക്ഷകളാണ് (വാർഷിക റിപ്പോർട്ട് പ്രകാരം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. അപേക്ഷകൾ, ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുമ്പോൾ ക്രമനം. ചേർക്കുന്നില്ല. അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. നിർത്തലാക്കിയ സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർക്കുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം ഈ ഇനത്തിലുള്ള വരവ് 4,91,130 (തന്നാണ്ട്=481980+ കുടിശ്ശിക=9150) രൂപയുണ്ട് . രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

2) <u>പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ :</u>

നഗരസഭയുടെ കീഴിലുള്ള മുഴുവൻ പാരാമെഡിയ്ക്കൽ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 115 സ്ഥാപനങ്ങളുടെ അപേക്ഷകളാണ് പരിശോധനയ്ക്ക് ലഭ്യമായത്. അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പുതുക്കുന്നതിനാണോ അതോ പുതിയ സ്ഥാപനം ആരംഭിയ്ക്കുന്നതിനു വേണ്ടിയാണോ എന്നതു സംബന്ധിച്ച വ്യക്തമായ വിവരം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലും ആവശ്യമായ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല. സ്ഥാപനം ആരംഭിയ്ക്കുന്ന തീയതി, ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം, പരിശീലനം നൽകുന്ന വിഷയങ്ങൾ, പരിശീലന സൗകര്യങ്ങൾ പരിശീലനാർഥികളുടെ എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം ഈ ഇനത്തിലുള്ള വരവ് 20950 രൂപയാണ്. രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

3)ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

ഓഡിറ്റ് വർഷത്തിൽ 66 സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കുകൾ പ്രകാരം ഈ ഇനത്തിൽ 12000 രൂപ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ, ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 30 /18.12.19 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്.

## 1-21 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

2018-19 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

ഡിമാന്റ് റജിസ്റ്ററിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയ വിവരം പോസ്റ്റ് ചെയ്യിട്ടില്ലാത്തതിനാൽ, താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം പരിശോധിയ്ക്കാനായിട്ടില്ല.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | യുനൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി, പെരിന്തൽമണ്ണ |
| 2 | ചിന്നൻ & സൺസ് ജ്വല്ലറി പെരിന്തൽമണ്ണ |
| 3 | എസ്.ബി.ഐ പെരിന്തൽമണ്ണ |
| 4 | ജിയോജിത്ത് BNP ഫിനാൻഷ്യൽ സർവ്വീസ് പെരിന്തൽമണ്ണ |
| 5 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് പെരിന്തൽമണ്ണ |
| 6 | കേരള ഗ്രാമീൺ ബാങ്ക് പെരിന്തൽമണ്ണ |
| 7 | കനറ ബാങ്ക് പെരിന്തൽമണ്ണ |
| 8 | മലബാർ സ്പെഷ്യൽ പ്രഷ്യസ് ജ്യുവൽസ് പെരിന്തൽമണ്ണ |
| 9 | കെ.എസ്.എഫ്.ഇ പെരിന്തൽമണ്ണ |
| 10 | ജോസ് ആലൂക്കാസ്, പെരിന്തൽമണ്ണ |
| 11 | പതിയ്ക്കൽ മോട്ടോർ പ്രൈവറ്റ് ലിമി. പെരിന്തൽമണ്ണ |
| 12 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പെരിന്തൽമണ്ണ |
| 13 | കനറ ബാങ്ക് അൽഷിഫ ബ്രാഞ്ച്, പെരിന്തൽമണ്ണ |
| 14 | ഇന്ത്യ ഇൻഫോ ലൈൻ ലിമി. പെരിന്തൽമണ്ണ |
| 15 | സിൻഡിക്കേറ്റ് ബാങ്ക്, പെരിന്തൽമണ്ണ |
| 16 | സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്, പെരിന്തൽമണ്ണ |
| 17 | മുത്തൂറ്റ് ഫിൻ കോർപ്പ്. ലിമി.പെരിന്തൽമണ്ണ |
| 18 | ഇമേജ് മൊബൈൽ&കംപ്യൂട്ടേഴ്സ്, പെരിന്തൽമണ്ണ |
| 19 | എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ്, പെരിന്തൽമണ്ണ |
| 20 | ധനലക്ഷ്മി ബാങ്ക്, പെരിന്തൽമണ്ണ |
| 21 | ചെമ്മണ്ണൂർ ക്രെഡിറ്റ്& ഇൻവെസ്റ്റ്മെന്റ്, പെരിന്തൽമണ്ണ |

| | |
|---|---|
| 22 | ഗോകുലം ചിറ്റ്സ്& ഫിനാൻസ്, പെരിന്തൽമണ്ണ |
| 23 | പോപ്പുലർ വെഹിക്കിൾ സർവീസ് ലിമി. പെരിന്തൽമണ്ണ |
| 24 | പഞ്ചാബ് നാഷണൽ ബാങ്ക്, പെരിന്തൽമണ്ണ |
| 25 | ഇസാഫ് ബാങ്ക്, പെരിന്തൽമണ്ണ |
| 26 | കെ.പി.ബി നിധി ലിമി.പെരിന്തൽമണ്ണ |
| 27 | ജില്ല സഹകരണ ബാങ്ക്, പെരിന്തൽമണ്ണ |
| 28 | ന്യൂ ഇന്ത്യ അഷുറൻസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പെരിന്തൽമണ്ണ |
| 29 | പെരിന്തൽമണ്ണ താലൂക്ക് സ്ക്കൂൾ ടീച്ചേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി. |
| 30 | പെരിന്തൽമണ്ണ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് |
| 31 | HDFC ബാങ്ക്, പെരിന്തൽമണ്ണ |
| 32 | മഹീന്ദ്ര& മഹീന്ദ്ര& ഫിനാൻഷ്യൽ സർവ്വീസ്, പെരിന്തൽമണ്ണ |
| 33 | മിനി മുത്തൂറ്റ് നിധി, പെരിന്തൽമണ്ണ |
| 34 | ജോയ് ആലൂക്കാസ്, പെരിന്തൽമണ്ണ |
| 35 | ICIC ബാങ്ക്, പെരിന്തൽമണ്ണ |
| 36 | ഫെഡറൽ ബാങ്ക്, പെരിന്തൽമണ്ണ |
| 37 | ഇൻഡു സിന്റ്ബാങ്ക്.പെരിന്തൽമണ്ണ |
| 38 | സുന്ദരം ഫിനാൻസ്.പെരിന്തൽമണ്ണ |
| 39 | രാംകോ സിമന്റ് പ്രൈവറ്റ് ലിമി.പെരിന്തൽമണ്ണ |
| 40 | കത്തോലിക്ക് സിറിയൻ ബാങ്ക്.പെരിന്തൽമണ്ണ |
| 41 | സൗത്ത്ഇൻഡ്യൻ ബാങ്ക്.പെരിന്തൽമണ്ണ |
| 42 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോ-ഓപ്പറേഷൻ ലിമി.പെരിന്തൽമണ്ണ |
| 43 | പട്ടികജാതി സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റി.പെരിന്തൽമണ്ണ |
| 44 | ഇൻഡ്യൻ ബാങ്ക്.പെരിന്തൽമണ്ണ |
| 45 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്.പെരിന്തൽമണ്ണ |
| 46 | യുണി മണി ഫിനാൻഷ്യൽ സർവ്വീസ്. ലിമി.പെരിന്തൽമണ്ണ |
| 47 | ബജാജ് ഫിനാൻസ് ലിമി.പെരിന്തൽമണ്ണ |
| 48 | മിറാക്കിൾ എലാസ്റ്റമർ ഇൻഡ്യ ലിമി.പെരിന്തൽമണ്ണ |
| 49 | ഓറീയന്റൽ ഇൻഷുറൻസ് കോഓപ്പറേറ്റീവ് ലിമി.ബിസിനസ് സെന്റർ. പെരിന്തൽമണ്ണ |
| 50 | താലൂക്ക് റബർ മാർക്കറ്റിഗ് കോഓപ്പറേറ്റീവ് സൊസൈറ്റി.പെരിന്തൽമണ്ണ |
| 51 | ആക്സിസ് ബാങ്ക്.പെരിന്തൽമണ്ണ |
| 52 | ന്യൂന പക്ഷവികസന ഫിനാൻസ് കോകോഓപ്പറേഷൻ ലിമി.പെരിന്തൽമണ്ണ |
| 53 | വള്ളുവനാട് നിധി ലിമി.പെരിന്തൽമണ്ണ |

ഈ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (7/13.12.19) മറുപടിയായി, സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതാണെന്നും വിശദാംശങ്ങൾ ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയ

വിവരം ഡിമാന്റ് റജിസ്റ്ററിൽ പോസ്ററ് ചെയ്യുമ്പോൾ, സ്ഥാപനതൊഴിൽനികുതി ഈടാക്കിയ വിവരം കൂടി രേഖപ്പെടുത്തേണ്ടതാണ്.

3. ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല.

നഗരസഭയുടെ പരിധിയിലുള്ള താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലേയും സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റോറിയത്തിന്റെ പേര് | കെട്ടിട നം/ വാർഡ് നം |
|---|---|
| 1)കെ.സി.എ.എം ഓഡിറ്റോറിയം,പെരിന്തൽമണ്ണ | 24/181(1) |
| 2)സെലിബ്രേഷൻ ഓഡിറ്റോറിയം,പെരിന്തൽമണ്ണ | 21/273(2) |
| 3)അലങ്കാർ ഓഡിറ്റോറിയം, പെരിന്തൽമണ്ണ | 27/471 |
| 4)ഷിഫ കൺവെൻഷൻ സെന്റർ, പെരിന്തൽമണ്ണ | 9/14(1) |
| 5)റോയൽ പ്ലാസ ഓഡിറ്റോറിയം, പെരിന്തൽമണ്ണ | 10/434 |
| 6)റോയൽ ചോയ്സ് ഓഡിറ്റോറിയം, പെരിന്തൽമണ്ണ | 16/365 to 369 |

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (7/13.12.19) മറുപടിയായി, ഓഡിറ്റോറിയങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളതാണെന്നും വിശദാംശങ്ങൾ ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

4)മുഴുവൻ അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

നഗരസഭയിൽ സേവനമനുഷ്ഠിയ്ക്കുന്ന മുഴുവൻ അഭിഭാഷകരുടേയും ലിസ്റ്റ് നഗരസഭയിൽ ലഭ്യമല്ല. അഭിഭാഷകരുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി ബാർ അസോസിയേഷന് 11.8.16 മുതൽ നിരവധി തവണകളിലായി കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും വിവരം ലഭ്യമാക്കാത്തതായി ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. ട്രേഡേഴ്സ് ലിസ്റ്റ്, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 12 പേർ നികുതി അടവാക്കിയിട്ടുണ്ട്. നഗരസഭ പരിധിയിലുള്ള മുഴുവൻ അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (7/13.12.19) മറുപടിയായി, മുഴുവൻ അഭിഭാഷകരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ്സുമത്തിയിട്ടുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽ നികുതി ഈടാക്കി, നഗരസഭയുടെ തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും പിരിഞ്ഞു കിട്ടേണ്ട മുഴുവൻ നികുതിയും ഡിമാന്റ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-22 മെറിറ്റോറിയസ് സ്കോളർഷിപ്പ് തുക അധികം നൽകി

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് (പ്രൊ. നം. SO 212/19) എന്ന പദ്ധതി നടപ്പിലാക്കിയതിൽ 5,000/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് ടിയാളിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദമായ റിപ്പോർട്ട് ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

## 1-23 ലൈഫ് ഭവന പദ്ധതി- രേഖകൾ മുഴുവൻ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

പ്രൊജക്ട് : ലൈഫ് ഭവന പദ്ധതി (പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസഹായം)

നം. : S034/2019

അടങ്കൽ : 20,00,000 (വികസന ഫണ്ട്)

പ്രൊജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്ക് ആകെ 19,88,318 രൂപ ഭവന നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ, ഓരോ ഗുണഭോക്താക്കൾക്കും മുമ്പ് നൽകിയ തുകകൾ സംബന്ധിച്ച രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് ഓഫീസർ കാഷ്ബുക്ക്, പ്രൊജക്റ്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചെങ്കിലും ആയത് ലഭ്യമാക്കിയില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 19,88,318 രൂപ തടസ്സം ചെയ്യുന്നു.

## 1-24 പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതി അപാകതകൾ

പ്രൊജക്റ്റിന്റെ പേര് : യുവമിത്ര പദ്ധതി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ (സ്പിൽ ഓവർ)

പ്രൊജക്റ്റ് നം. : 213/19

അടങ്കൽ :6,00,000/-

ചെലവ് : 599000/- (ബിൽ നം 3/18-19തീയതി. 31.5.18)

ഫണ്ട് : വികസനഫണ്ട്

പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ (സ്പിൽ ഓവർ പ്രൊജക്റ്റ്) എന്ന പ്രൊജക്റ്റ് പ്രകാരം, ഹാൽഷ്യൻ ട്രാൻസ്മിഷൻ ടെക്നോളജി, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം 412/27.3.18 പ്രകാരം 20 ലാപ്ടോപുകൾ വാങ്ങി 20 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വാങ്ങിയ ലാപ്ടോപുകൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്ത ലാപ്ടോപുകൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെയും വിവരം ഫയലിൽ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിററ് എൻക്വയറി നം. 15 /16.12.19 ന് മറുപടി ലഭ്യമാക്കിയില്ല. ലാപ്ടോപുകൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്ത ലാപ്ടോപുകൾ വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെയും വിവരം ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവു ചെയ്ത 599000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വിജയപഥം പദ്ധതി ഒരവലോകനം

പെരിന്തൽമണ്ണ നഗരസഭ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്ന വിജയപഥം പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 2018-19 |
|---|---|
| പ്രോജെക്റ്റ് നമ്പർ/ പേര്, അടങ്കൽ, ചെലവ് | 1 19/18-19 വിജയപഥം സമഗ്ര വിദ്യാഭ്യാസ പരിപാടി<br>അടങ്കൽ -15,00,000(വികസനഫണ്ട്)<br>ചെലവ്-15,00,000 |
| | 2 52/18-19 9 വിജയപഥം സമഗ്ര വിദ്യാഭ്യാസ പരിപാടി-എസ് സി പി<br>അടങ്കൽ-5,00,000-വികസനഫണ്ട് എസ് സി പി<br>ചെലവ്-4,66,815 |
| | 3 229/18-19 വിജയപഥം സമഗ്ര വിദ്യാഭ്യാസ പരിപാടി-എസ് സി പി ( സ്പിൽ ഓവർ)<br>അടങ്കൽ-6,19,730 വികസനഫണ്ട് എസ് സി പി<br>ചെലവ്-6,19,250 |
| നിർവഹണ ഉദ്യാഗസ്ഥൻ | പ്രിൻസിപ്പൽ, ഗവ: ഹയർസെക്കൻഡറി സ്ക്കൂൾ പെരിന്തൽമണ്ണ |

വിദ്യാഭ്യാസ രംഗത്തിന്റെ ഉയർച്ച ലക്ഷ്യമിട്ട് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം 2017 വർഷത്തിൽ ആരംഭിച്ചു. അന്തർദ്ദേശീയ നിലവാരത്തിൽ സ്ക്കൂൾ പഠനം പൂർത്തിയാക്കാൻ ഇതു ലക്ഷ്യമിടുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ അക്കാദമികം, സാമൂഹികം എന്നീ മേഖലകളിലായി സമഗ്ര വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പെരിന്തൽമണ്ണ നഗരസഭയുടെ വിജയപഥം സമഗ്ര വിദ്യാഭ്യാസ പരിപാടി 2016-17 വർഷത്തിൽ തന്നെ ആരംഭിക്കുകയും നിലവിൽ സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി യോജിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിഷൻ നൂറ് എന്ന വിദ്യാഭ്യാസ സങ്കൽപ്പമനുസരിച്ച് സമഗ്ര വികസനത്തിനാവശ്യമായ എല്ലാ പിന്തുണയും സാഹചര്യവും അവസരവും സ്ക്കൂളും സർക്കാരും പ്രാദേശിക സർക്കാരും പൊതു സമൂഹവും നൽകി വിദ്യാർത്ഥിയുടെ കഴിവിന്റെ നൂറ്

ശതമാനം പ്രകടിപ്പിക്കാൻ സഹായിക്കുക എന്നതാണ്. വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലയുടെയും വികസനം ഇതു ലക്ഷ്യമിടുന്നു.

പെരിന്തൽമണ്ണ നഗരസഭയുടെ പരിധിയിൽ 6 സർക്കാർ സ്കൂളുകളും 11 എയ്ഡഡ് സ്കൂളുകളും ഉണ്ട്. സർക്കാർ സ്കൂളുകളിൽ 2 ഹയർസെക്കൻഡറി സ്കൂളുകളും 2 ഹൈസ്കൂളുകളും 1 വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളും 4 എൽ പി സ്കൂളുകളും ഉൾപ്പെടുന്നു. വിജയപഥം പദ്ധതിയുടെ ഭാഗമായി 2018-19 വർഷത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഭാഷ, ശാസ്ത്രം, ഗണിതം തുടങ്ങിയ മേഖലകളിൽ മുന്നേറ്റത്തിനുതകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ടാലന്റ് ലാബുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിലേക്ക് ലൈബ്രറി പുസ്തകങ്ങളും ഷെൽഫുകളും വിതരണം ചെയ്തിട്ടുണ്ട്. കുട്ടികൾക്ക് പ്രത്യേക പഠനത്തിൽ മുന്നേറ്റം ഉണ്ടാക്കുന്നതിന് പ്രത്യേക കോച്ചിംഗും പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

വിജയപഥം പദ്ധതി നടപ്പിലാക്കിയതിനെതുടർന്ന് ഹൈസ്കൂളിലും യു പി, എൽ പി ക്ലാസ്സുകളിലും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ കുട്ടികളുടെ വിജയ ശതമാനത്തിലും എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വർഷം | വിജയ ശതമാനം | ഫുൾ എ പ്ലസ് കിട്ടിയ കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 1 | ഗവ: ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ പെരിന്തൽമണ്ണ (എസ് എസ് എൽ സി) | 2016-17 | 100 | 12 |
| | | 2017-18 | 100 | 23 |
| | | 2018-19 | 100 | 21 |
| 2 | ഗവ: ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ പെരിന്തൽമണ്ണ(ഹയർ സെക്കൻഡറി) | 2016-17 | 90 | 5 |
| | | 2017-18 | 90.44 | 15 |
| | | 2018-19 | 92.39 | 16 |
| 3 | ഗവ: മോഡൽ ഹയർസെക്കൻഡറി സ്കൂൾ പെരിന്തൽമണ്ണ (എസ് എസ് എൽ സി) | 2016-17 | 90 | 5 |
| | | 2017-18 | 98 | 7 |
| | | 2018-19 | 99 | 3 |
| 4 | ഗവ: മോഡൽ ഹയർസെക്കൻഡറി സ്കൂൾ പെരിന്തൽമണ്ണ (ഹയർസെക്കൻഡറി) | 2016-17 | 96 | 30 |
| | | 2017-18 | 97.2 | 24 |
| | | 2018-19 | 97.8 | 28 |
| 5 | ഗവ: വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പെരിന്തൽമണ്ണ | 2016-17 | 100 | - |
| | | 2017-18 | 100 | - |
| | | 2018-19 | 97 | - |

മേൽ പറഞ്ഞതിനു പുറമെ കലാകായിക രംഗങ്ങളിലും നേട്ടങ്ങൾ ഉണ്ടാക്കാൻ സ്കൂളുകൾക്ക് കഴിഞ്ഞിട്ടുണ്ട്. 154 വർഷം പഴക്കമുള്ള വിദ്യാലയ കോംപ്ലക്സിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ

നടന്നുവരുന്നു.

2018-19 വർഷ ഓഡിറ്റിന്റെ ഭാഗമായി ഗവ.സെൻട്രൽ എൽ പി സ്ക്കൂൾ, ഗവ.ഗേൾസ് ഹയർസെക്കൻഡറി സ്ക്കൂൾ, ഗവ.മോഡൽ ഹയർസെക്കൻഡറി സ്ക്കൂൾ, ഗവ.വൊക്കേഷണൽ ഹയർസെക്കൻഡറി സ്ക്കൂൾ എന്നിവയിൽ 16-12-19 ന് സ്ഥലപരിശോധന നടത്തുകയുണ്ടായി.

## 1-26 ഇഷ്യൂ ചെയ്ത ബിറ്റുമിൻ വില ഈടാക്കിയതിൽ കുറവ്

